**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6626** **21-03-2023 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് റോഡുകളിലെ ലാറ്ററൽ ക്ലിയറൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് റോഡുകളിലെ ക്യാരിയേജ് വേ ഭാഗം കഴിഞ്ഞ് എത്ര അകലത്തിലാണ് കാഴ്ച മറയ്ക്കുന്നതോ വാഹനങ്ങൾ തട്ടുന്ന തരത്തിലോ ഉള്ള മരം, ഇലക്ട്രിക് പോസ്റ്റ്, ട്രാൻസ്ഫോർമറുകൾ, ബോർഡുകൾ തുടങ്ങിയ പ്രൊജക്ഷൻസ് ഉണ്ടാവാൻ പാടുള്ളു എന്ന വ്യവസ്ഥയുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | IRC 119-2015 ൽ റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് ക്ലിയർ സോൺ (കാരിയേജ് വേ കഴിഞ്ഞു കാഴ്ച മറയുന്നതോ വാഹനങ്ങൾ തട്ടുന്ന തരത്തിലോ ഉള്ള തടസ്സങ്ങൾ ഇല്ലാതെ ക്ലിയർ ആയിരിക്കേണ്ട ഭാഗം) സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ട്. ഡിസൈൻ സ്പീഡ്, വശങ്ങളിലുള്ള ചരിവ്, തടസപ്പെടുത്തുന്ന വസ്തുക്കൾ എന്നിവയ്ക്കനുസൃതമായി പാലിക്കേണ്ട ക്ലിയർ സോൺ വീതി 3 മീറ്റർ ആകുന്നു.<br><br>IRC 86-അർബൻ റോഡുകളിൽ പാലിക്കേണ്ട ലാറ്ററൽ ക്ലിയറൻസ് നെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. ആയത് താഴെ പറയും പ്രകാരമാണ്.<br><br>*“Lateral and Vertical Clearances are required to be provided for overhanging loads and the tilting of vehicle towards obstruction by cross fall or super elevation of carriageway and for kerb shyness. Standards for lateral clearances for underpasses on urban roads are given in IRC:54. The same are recommended between edge of carriageway and obstruction on footpath, verge or central reserve. Where an obstruction is located an the inside of a bend, a greater clearance than that specified may be required to ensure that the sight distance is not less than the minimum. ”*<br><br>IRC 86 പ്രകാരം Pavement കഴിഞ്ഞു പാലിക്കേണ്ട ഏറ്റവും കുറഞ്ഞ ലാറ്ററൽ ക്ലിയറൻസ് താഴെ പറയും പ്രകാരം ആണ്.<br><br>**a)Pavement without footpath**<br><br>Arterial and sub-arterial road : 1.0 m |

| | | | |
|---|---|---|---|
| | | | Collector and local streets : 0.5 m<br><br>**b) Pavement with footpath**<br><br>No extra clearance beyond the footpath is necessary.<br><br>**c) Clearance on divided carriageway**<br><br>The left side clearances should be as above.<br><br>The right side clearance to the face of any structure in the central median shall be as follows:<br><br>1)Arterial and sub arterial road: 1 m from the edge of pavement<br><br>2)Collector and local streets: 0.5 m from the edge of pavement |
| (ബി) | ഗതാഗത സുരക്ഷയ്ക്ക് അത്യന്താപേക്ഷിതവും വിദേശ രാജ്യങ്ങളിലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും നിർബന്ധമായ ലാറ്ററൽ ക്ലിയറൻസ് നമ്മുടെ സംസ്ഥാനത്തും ഉറപ്പാക്കുന്നതിന് നിയമഭേദഗതി പ്രാബല്യത്തിൽ കൊണ്ടുവരാമോ; | (ബി) | പരിശോധിക്കാവുന്നതാണ്. |
| (സി) | ലാറ്ററൽ ക്ലിയറൻസ് ഹൈവേകളിലൊഴികെ ഒരിടത്തും പാലിക്കുന്നില്ലായെന്ന വസ്തുത കണക്കിലെടുത്ത് റോഡുകളുടെ സുരക്ഷായോഗ്യത സംബന്ധിച്ച ഒരു ഓഡിറ്റിങ് നടത്തി അപകടസാധ്യത മറികടക്കാൻ നടപടികൾ ത്വരിതപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ? | (സി) | റോഡുകളുടെ സുരക്ഷ യോഗ്യത സംബന്ധിച്ച ഓഡിറ്റിംഗ് മറ്റ് വകുപ്പുകളുടെ കൂടി സഹായത്തോടെ നടന്നു വരുന്നുണ്ട്. ഇത് കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കാം. |

സെക്ഷൻ ഓഫീസർ